മലയാള മനോരമ
ട്രിവാൻഡ്രം ഡെയ്സ്
2016 ജനുവരി 25 തിങ്കൾ TVM



തിരുവനന്തപുരത്ത് സംസ്ഥാന സ്കൂൾ കലോൽസവത്തിൽ ഹയർ സെക്കൻഡറി വിഭാഗം സംഘനൃത്തത്തിൽ ഒന്നാം സ്ഥാനം നേടിയ കോഴിക്കോട് സിൽവർ ഹിൽസ് എച്ച്എസ്എസ് സംഘം.

# നാടകം വേദിയിലും പുറത്തും

## ശബ്ദക്രമീകരണത്തിൽ പരാതി; ഹൈസ്കൂൾ വിഭാഗം നാടകം എട്ടര മണിക്കൂർ വൈകി വേദി മാറ്റി

തിരുവനന്തപുരം ● വേദിയിലെ പോരായ്മകളും സദസ്യരുടെ പ്രതിഷേധവും അരങ്ങുതകർത്തപ്പോൾ ഹൈസ്കൂൾ വിഭാഗം നാടക മൽസരം ആരംഭിച്ചത് എട്ടര മണിക്കൂർ വൈകി. ശബ്ദ ക്രമീകരണ സംവിധാനം ശരിയല്ലാത്തതിനാൽ നാടക മൽസരവേദി മാറ്റണമെന്നാവശ്യപ്പെട്ടു വേദിക്കു മുന്നിൽ നാടകപ്രേമികൾ നടത്തിയ പ്രതിഷേധത്തിനൊടുവിൽ മൽസരം പൂജപ്പുര മൈതാനത്തെ വേദിയിലേക്കു മാറ്റി. സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂളിലാണ് ആദ്യം നാടകമൽസരം നടത്താൻ നിശ്ചയിച്ചിരുന്നത്. രാവിലെ ഒൻപതിനു നിശ്ചയിച്ചിരുന്ന മൽസരം ആരംഭിച്ചതു വൈകിട്ട് അഞ്ചരയ്ക്ക്.

നിശ്ചയിച്ചതിലും ഒന്നര മണിക്കൂർ വൈകി മൽസരം ആരംഭിച്ചപ്പോഴേ സദസിൽ മുറുമുറുപ്പ് തുടങ്ങി. ഇതിനിടെ ഒരു ടീം നാടകം അവതരിപ്പിച്ചുകഴിഞ്ഞപ്പോൾ സംഭാഷണം വ്യക്തമാകുന്നില്ലെന്ന് ആരോപിച്ചു പ്രതിഷേധക്കാർ പരസ്യമായി രംഗത്തെത്തി. ശബ്ദക്രമീകരണത്തിൽ പോരായ്മയുണ്ടെന്നു വിധികർത്താക്കളിൽ ഒരാൾ സംഘാടകരെ അറിയിച്ചു. ഇതിനിടെ നാടകപ്രവർത്തകർ വേദിക്കു മുന്നിലെത്തി മുദ്രാവാക്യംവിളി ആരംഭിച്ചതോടെ താൽക്കാലികമായി മൽസരം നിർത്തി. സദസിലുണ്ടായിരുന്ന വിധികർത്താക്കളെയും മാറ്റി.

നാടകത്തിന് അനുയോജ്യമായ സജ്ജീകരണങ്ങൾ ഒരുക്കിനൽകാമെന്നു നാടകം വീക്ഷിക്കാനെത്തിയ സൂര്യ കൃഷ്ണമൂർത്തി ഉറപ്പുനൽകിയെങ്കിലും സംഘാടകർ ചെവിക്കൊണ്ടില്ല. കാർത്തിക തിരുനാൾ തിയറ്ററിലേക്കു വേദി മാറ്റാമെന്ന ആശയം മുന്നോട്ടുവച്ചെങ്കിലും സംഘാടകർ സമ്മതിച്ചില്ല.

വേദിയിലുണ്ടായിരുന്ന സംവിധായകൻ പ്രശാന്ത് നാരായണൻ, അഭിനേതാക്കളായ കൊച്ചുപ്രേമൻ, സേതുലക്ഷ്മി എന്നിവരും സജ്ജീകരണങ്ങളിൽ തൃപ്തരായിരുന്നില്ല.

ഇതിനിടെ ബഹളം രൂക്ഷമായി. രണ്ടു മണിക്കൂറിനുശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടർ എം.എസ്. ജയ സ്ഥലത്തെത്തി. ആദ്യം വേദിയിൽ പരിശോധന നടത്തിയ അവർ സംഘാടകരുമായും ചർച്ച നടത്തി. എന്നാൽ വേദി മാറ്റുന്നില്ലെന്നും ശബ്ദക്രമീകരണത്തിലെ പോരായ്മകൾ പരിഹരിക്കാൻ സംവിധാനമൊരുക്കാമെന്നും അറിയിച്ചെങ്കിലും നാടകപ്രവർത്തകർ തൃപ്തരായില്ല. ഡിപിഐക്കെതിരെ മുദ്രാവാക്യംവിളികളുമായി പ്രതിഷേധക്കാർ വീണ്ടും വേദിക്കു മുന്നിലെത്തി.

സംഘത്തിലൊരാൾ തലകുത്തിനിന്നു പ്രതിഷേധിച്ചു. പ്രതിഷേധം അവസാനിപ്പിക്കില്ലെന്നു നാടകപ്രവർത്തകർ ഉറപ്പിച്ചു പറഞ്ഞതോടെയാണു വേദി മാറ്റാൻ തീരുമാനമായത്. ആദ്യ അവതരണം നടത്തിയ ടീമിനു രണ്ടാമത്തെ ക്ലസ്റ്ററിൽ വീണ്ടും അവസരം നൽകാമെന്നും സംഘാടകർ ഉറപ്പു നൽകി. പൂജപ്പുര മൈതാനത്തെ വേദിയിൽ വൈകിട്ട് അഞ്ചരയോടെ മൽസരങ്ങൾ ആരംഭിച്ചു. 23 ടീമുകളാണു റജിസ്റ്റർ ചെയ്തത്.

ഹയർ സെക്കൻഡറി വിഭാഗം നാടകമൽസരവും സെന്റ് ജോസഫ്സ് സ്കൂളിലെ വേദിയിലാണു നടത്തിയത്. അന്നും വേദി സംബന്ധിച്ചും സമാന പരാതിയുയർന്നിരുന്നു. അതു പരിഹരിക്കാൻ സംഘാടകർ ശ്രമിക്കാത്തതാണു പ്രതിഷേധത്തിനും വേദിമാറ്റത്തിനും ഇടയാക്കിയത്.



ശബ്ദസംവിധാനം ശരിയല്ലാത്തതിനാൽ നാടക മൽസരവേദി മാറ്റണമെന്നാവശ്യപ്പെട്ടു സെന്റ് ജോസഫ്സ് സ്കൂളിലെ മൽസരവേദിക്കു മുന്നിൽ തലകീഴായി കിടന്നു സംവിധായകൻ പ്രതിഷേധിക്കുന്നു.

ക്രമക്കേട്: തബല മൽസരത്തിലെ വിധികർത്താവിനെ പുറത്താക്കി




# ശരത്തിനും പ്രജിത്തിനും നല്ലപാഠം സ്കോളർഷിപ്



പി.ഡി. ശരത്ത്



പ്രജിത്

തിരുവനന്തപുരം●സ്വയം പഠിച്ചെടുത്ത ചുവടുകളുമായി നാടോടിനൃത്തത്തിൽ എ ഗ്രേഡ് നേടിയ കാസർകോട്ടുകാരൻ പി.ഡി. ശരത്തിനും കുടുംബശ്രീയിൽ നിന്നു വായ്പയെടുത്ത തുകയുമായി കലോൽസവത്തിനെത്തി കുച്ചിപ്പുടിയിൽ മൂന്നാം സ്ഥാനം നേടിയ മഞ്ചേരിക്കാരൻ കെ.പി. പ്രജിത്തിനും മലയാള മനോരമ നല്ലപാഠം സ്കോളർഷിപ്.

കാസർകോട് ബളാംതോട് ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ പ്ലസ് ടു വിദ്യാർഥിയാണു ശരത്. കാൻസർ ബാധിച്ച് അച്ഛൻ മരിച്ചതോടെ നൃത്ത പഠനം നിലച്ചെങ്കിലും വേദികളോടുള്ള ഇഷ്ടം കൈവിട്ടില്ല. അധ്യാപകരും നാട്ടിലെ ചിലരും ചേർന്നു സ്വരൂപിച്ചു നൽകിയ പണമാണ് കലോൽസവത്തിൽ പങ്കെടുക്കാൻ ശരത്തിനു തുണയായത്.

15,000 രൂപ കുടുംബശ്രീയിൽ നിന്നു വായ്പയെടുത്താണ് പ്രജിത് കലാമേളയ്ക്കെത്തിയത്. അച്ഛൻ വേലായുധൻ കൂലിപ്പണിക്കാരൻ. അമ്മ തൊഴിലുറപ്പു തൊഴിലാളി. അനിയത്തി പ്രവീണയ്ക്ക് നൃത്തം ഇഷ്ടമാണെങ്കിലും സാമ്പത്തികപ്രയാസം മൂലം പഠനം അവസാനിപ്പിച്ചു.

ഒരു വർഷത്തേക്ക്, പ്രതിമാസം 1000 രൂപ വീതം എന്ന കണക്കിൽ 12,000 രൂപയാണ് സ്കോളർഷിപ്. 10 പേർക്കാണു സ്കോളർഷിപ് നൽകുക. മലയാള മനോരമ ട്രിവാൻഡ്രം ഡെയ്സ് പത്രാധിപസമിതി തയാറാക്കിയ ചുരുക്കപ്പട്ടികയിൽ നിന്ന് നടി മഞ്ജു വാരിയറും മാന്ത്രികൻ ഗോപിനാഥ് മുതുകാടും ചേർന്നാണ് ജേതാക്കളെ കണ്ടെത്തിയത്. കന്യാകുമാരി തക്കല നൂറുൽ ഇസ്‌ലാം സർവകലാശാലയുടെ സഹകരണത്തോടെയാണു സ്കോളർഷിപ്.

NOORUL ISLAM CENTRE FOR HIGHER EDUCATION NICHE

നല്ല പാഠം മനോരമ നാടിനൊപ്പം

# വന്നില്ലെങ്കിലും അക്ഷയ്, നിന്റേതു കൂടിയാണ് ഈ മേള

## കണ്ണൂരിൽ നിന്നുള്ള വിജയിയായിട്ടും കഥകളിവേദിയിൽ വരാൻ കഴിയാതെപോയ അക്ഷയ്



തിരുവനന്തപുരം● അരങ്ങിനും ആൾക്കൂട്ടങ്ങൾക്കുമിടയിൽ നാം മറന്നുപോയവർ ഒരുപാടുണ്ട്. ജീവിത സങ്കടങ്ങൾക്കിടെ മൽസരിക്കാൻ കഴിയാതെപോയവർ. കണ്ണൂരിനു വേണ്ടി കഥകളിയിൽ മൽസരിക്കേണ്ടിയിരുന്ന അക്ഷയ് കുമാർ അവരിൽ ഒരാൾ മാത്രം. കഥകളിവേദിയിൽ ആട്ടവിളക്ക് തെളിയുമ്പോൾ കണ്ണൂരിന്റെ മൽസരാർഥി അക്ഷയ് കുമാർ തായന്നേരിയിലെ സ്വന്തം ക്ലാസ്മുറിയിലായിരുന്നു! സംസ്ഥാന സ്കൂൾ കലോൽസവത്തിൽ മൽസരിക്കാനുള്ള യോഗ്യതയുണ്ടായിട്ടു മാത്രം കാര്യമില്ലല്ലോ? കഥകളി കലാകാരൻ കൂടിയായ അവന്റെ അച്ഛനറിയാം, നാൽപതിനായിരത്തോളം രൂപ ചെലവിട്ടു വേദിയിലെത്തുന്നതിന്റെ സങ്കടം. മൽസരച്ചെലവു ഭയന്നു സംസ്ഥാന സ്കൂൾ കലോൽസവവേദിയിൽ നിന്നു പിന്മാറിയ ഈ മൽസരാർഥി കേരളത്തിന്റെ പ്രതീകമാവുന്നു, പട്ടിണി ഭയന്നു കഥകളിയെ കൈവിടുന്നവരെക്കുറിച്ചുള്ള ഓർമപ്പെടുത്തലാവുന്നു...

എച്ച്എസ്എസ് വിഭാഗം കഥകളിയിൽ കണ്ണൂരിനെ പ്രതിനിധീകരിക്കാൻ തിരഞ്ഞെടുക്കപ്പെട്ട അക്ഷയ് കുമാർ കഥകളി കലാകാരൻ കൂടിയായ അനിൽ പുത്തിലത്തിന്റെ മകനാണ്. 'അരങ്ങിൽ ചമയമണിഞ്ഞെത്താൻ കുറഞ്ഞത് അരലക്ഷം രൂപയോളം ചെലവുണ്ട്. കളിയുള്ള ഉൽസവകാലത്താണെങ്കിൽ പിന്നെയും നോക്കാമായിരുന്നു. അത്രയും വലിയ വേദിയിൽ കളിക്കാൻ കഴിയുക അനുഗ്രഹമാണ്, എന്നാലും ഗ്രേസ് മാർക്കിനു വേണ്ടി ഇത്ര വലിയ തുക മുടക്കുകയെന്നു പറഞ്ഞാൽ....' അരങ്ങിനു പിന്നിൽ, കഥകളി കലാകാരന്മാർ അനുഭവിക്കുന്ന നൊമ്പരത്തിന്റെ ധ്വനിയുണ്ട് അനിലിന്റെ വാക്കുകളിൽ.

സ്വകാര്യ സ്കൂളുകളിലേതുപോലെ, അക്ഷയ് പഠിക്കുന്ന തായന്നേരി എംഎപിടിഎം സ്കൂളിലെ പിടിഎയ്ക്കോ മറ്റോ പ്രത്യേക ഫണ്ടില്ലാത്തതും അക്ഷയ്യുടെ മോഹങ്ങൾക്കു തടസ്സമായി. മോഹിനിയാട്ടം ഉൾപ്പെടെയുള്ള മൽസരങ്ങളിൽ പിന്നണിക്കായി സിഡി ഉപയോഗിക്കുമ്പോൾ കഥകളിക്കു പക്കമേള സംഘം തന്നെ വരണം. ചുട്ടിയും മറ്റുമാവുമ്പോൾ ചെലവു പിന്നെയും കൂടും. സംസ്ഥാന സ്കൂൾ കലോൽസവം പോലൊരു അഭിമാനവേദിയിൽ കഥകളിയുമായി എത്തുകയെന്നത് ഒരുപക്ഷേ, അക്ഷയ്യുടെ മാത്രം സ്വപ്നമായിരിക്കില്ല, ആരുമറിയാതെ എത്രയോ പേർ മൽസരിക്കാനാവാതെ വിസ്മൃതിയിലേക്കു മാഞ്ഞിരിക്കും...? എന്നാണ് ഈ വേദികൾ അവരുടേതു കൂടിയാവുക?

56 സംസ്ഥാന സ്കൂൾ കലോത്സവം 2016 ജനുവരി 19-25 തിരുവനന്തപുരം
ARTIST SASIKALA ,SASIKALA ARTS KANNUR-2,MOB 9895143100

എഴുത്ത്
മഹേഷ് ഗുപ്തൻ,
ഗായത്രി ജയരാജ്,
വി.ആർ. പ്രതാപ് ,
ജോ ജേക്കബ്,
റൂബിൻ ജോസഫ്,
എം.എ. അനൂജ്,
മുസ്തഫ കൂടല്ലൂർ,
സന്ദീപ് ചന്ദ്രൻ,
സാബു ടി. ജോൺ


ചിത്രം
ബി. ജയചന്ദ്രൻ,
അരുൺ ശ്രീധർ,
ആർ.എസ്. ഗോപൻ,
മനോജ് ചേമഞ്ചേരി,
സജീഷ് ശങ്കർ,
റിങ്കുരാജ് മട്ടാഞ്ചേരിയിൽ,
അരവിന്ദ് ബാല

# അപ്പീലുകൾ പകുതിയാക്കി സംഘാടന മികവ്

തിരുവനന്തപുരം ● അപ്പീലിന്റെ എണ്ണം പകുതിയിലേറെ കുറച്ച് ഇക്കുറി സംസ്ഥാന സ്കൂൾ കലോൽസവം സംഘാടകമികവിലേക്ക്.

കഴിഞ്ഞ വർഷം 1504 അപ്പീലുകളാണ് ആറാം നാൾ വരെ ലഭിച്ചതെങ്കിൽ ഇത്തവണ ഇതുവരെ 842 അപ്പീലുകൾ മാത്രം. സംസ്ഥാനതലത്തിൽ മൽസരിച്ചു പിന്നിലായ 278 പേർ നൽകിയ ഹയർ അപ്പീലുകളിൽ 90 എണ്ണവും തള്ളി. 45 പേർക്കാണു ഹയർ അപ്പീൽ വഴി മുന്നിലെത്താനായത്. ബാക്കി അപ്പീലുകളിൽ തീരുമാനമാവുന്നതേയുള്ളു. ജില്ലകളിൽനിന്ന് അപ്പീലുമായെത്തിയ 26 പേർക്ക് ഒന്നാം സ്ഥാനത്തോടെ എ ഗ്രേഡും 37 പേർക്കു രണ്ടാം സ്ഥാനത്തോടെ എ ഗ്രേഡും 35 പേർക്കു മൂന്നാം സ്ഥാനവും ലഭിച്ചു. 221 പേർ എ ഗ്രേഡും 15 പേർ ബി ഗ്രേഡും നേടി നില മെച്ചപ്പെടുത്തി.

ഹയർ സെക്കൻഡറി വിഭാഗം തബല മൽസരത്തിൽ പക്ഷപാതം കാട്ടിയെന്നു കണ്ടെത്തിയതിനെ തുടർന്നു വിധികർത്താവ് പി. ശ്രീഹരിയെ അയോഗ്യനാക്കി.






ഹയർസെക്കൻഡറി വിഭാഗം കൂടിയാട്ടത്തിൽ ഒന്നാംസ്ഥാനം നേടിയ തൃശൂർ ഇരിങ്ങാലക്കുട നാഷനൽ ഹയർസെക്കൻഡറി സ്കൂളിലെ പാർവതി വിദ്യാധരനും സംഘവും.